# 500/- കയുടെ നോട്ടുകൾ സ്വീകരിക്കാതിരിക്കൽ

DCM.300/08.04.21/2000-2001 2001, ജനുവരി 05

ചെയർമാൻ
എല്ലാ വാണിജ്യബാങ്കുകൾക്കും സഹകരണബാങ്കുകൾക്കും

സർ,

500/- കയുടെ നോട്ടുകൾ സ്വീകരിക്കാതിരിക്കൽ.

ചില ബാങ്കുകളുടെ ബ്രാഞ്ചുകൾ 500/- കയുടെ നോട്ടുകൾ ഒന്നുകിൽ സ്വീകരിക്കുന്നില്ല അല്ലെങ്കിൽ സമർപ്പിക്കുന്ന ആൾ (tenderer) ലിസ്റ്റ് ചെയ്തിരിക്കുന്നത് വച്ച് നോട്ടുകളുടെ നമ്പറുകൾ എഴുതിയെടുക്കുന്നുണ്ടെന്ന് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. അതിനാൽ, 1998, ജൂൺ 18-ന് പുറപ്പെടുവിച്ച ഞങ്ങളുടെ കത്ത് DCM No. 927/08.06.01/97-98-ലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയും RBI കാലാകാലങ്ങളിൽ ഇഷ്യു ചെയ്യുന്ന 500/- കയുടെ നോട്ടുകളെല്ലാം തന്നെ ലീഗൽ ടെണ്ടറുകൾ ആണെന്നും അവയെ എല്ലാ ഇടപാടുകൾക്കും വേണ്ടി സ്വീകരിക്കാമെന്നും വ്യക്തമാക്കുന്നു.

3. ഈ അടുത്ത കാലത്ത് പുതുക്കിയ കളർ സ്കീമിൽ ഇറക്കിയിട്ടുള്ള 500/- ക നോട്ടുകളുടെ കാര്യത്തിൽ, പഴയ ഡിസൈനിലുള്ള പച്ച 500/- കയുടെ നോട്ടുകൾക്ക് (വാട്ടർ മാർക്ക് വിന്റോവിൽ അശോകസ്തംഭം ഉള്ളത്) പകരം പുതിയ ഡിസൈനിലുള്ള 500/- ക മാറ്റിയെടുക്കുന്നതിനായി പൊതുജനത്തെ ക്ഷണിച്ചുകൊണ്ട് ഞങ്ങൾ ഇറക്കിയ പരസ്യത്തിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇത് പൊതുജനത്തിന് അവരുടെ പഴയ ഡിസൈനിലുള്ള 500/- കയുടെ നോട്ട് മാറ്റിയെടുക്കാൻ കഴിയുന്ന ഒരു സൗകര്യം മാത്രമാണ്. അതുകൊണ്ട് ഈയൊരു കാരണം പറഞ്ഞ് നോട്ടുകൾ സ്വീകരിക്കാതിരിക്കരുത്.

4. ആയതിനാൽ, എല്ലാ 500/- ക നോട്ടുകളെയും സ്വാതന്ത്രമായി സ്വീകരിക്കണമെന്ന് നിങ്ങൾ നിങ്ങളുടെ ബ്രാഞ്ചുകൾക്ക് അടിയന്തിരമായി നിർദ്ദേശം നൽകുകയും പൊതുജനത്തിന് പരിഭ്രാന്തിയുണ്ടാക്കാതിരിക്കുകയും വേണം.

5. കത്തു കിട്ടിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ,

ഒപ്പ്
**സി കൃഷ്ണൻ**
ചീഫ് ജനറൽ മാനേജർ